**കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്ന പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
**(ഹാജർ വി. ഹരിദാസൻ)**

വിഷയം :- പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തികമാറ്റം വഴി ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നൽകി ഉത്തരവാകുന്നു.

സൂചന :-
1. സ.ഉ(പി)നം.1/14/ഉ.ഭ.പ.വ, തിയ്യതി 03.01.2014
2. സ.ഉ(പി)നം.21/14/ഉ.ഭ.പ.വ, തിയ്യതി 19.07.2014
3. പഞ്ചായത്ത് ഡയറക്ടറുടെ 05.06.2014, 05.08.2014 തിയ്യതികളിലെ ഇ10–1000/14 നമ്പർ കത്തുകൾ.
4. ഈ ഓഫീസിലെ 21.10.2015–ലെ എ8–521/14 നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ എ1–15493/14 തിയ്യതി : 04.02.2016

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേക്ക് അതാതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് വ്യവസ്ഥകളോടെ ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം 03.01.2014 മുതൽ ജില്ലയിലുണ്ടാകുന്ന ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജില്ലാതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നികത്തുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജില്ലയിൽ 03.01.2014 മുതൽ ഉണ്ടായ ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ താഴെ ചേർത്ത ഓഫീസ് അറ്റന്റന്റുമാർക്ക് അവരുടെ പേരിനു നേരെ ചേർത്ത ഗ്രാമ പഞ്ചായത്തുകളിൽ 9940–16580/– രൂപ ശമ്പള നിരക്കിൽ ക്ലാർക്കുമാരായി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി നമ്പർ | പേര്, നിലവിലെ ഓഫീസ് | നിയമനം നൽകിയ ഓഫീസ് |
|---|---|---|---|
| 1 | 20 | അനുതോമസ്<br>ഓഫീസ്അറ്റന്റന്റ്<br>ഫറോക്ക് നഗരസഭ | വാണിമേൽ<br>ഗ്രാമ പഞ്ചായത്ത് |
| 2 | 21 | ചന്ദ്രൻ എം.കെ.<br>ഓഫീസ് അറ്റന്റന്റ്<br>അഴീയൂർ ഗ്രാമ പഞ്ചായത്ത് | തിരുവള്ളൂർ<br>ഗ്രാമ പഞ്ചായത്ത് |
| 3 | 22 | ഭാസ്കരൻ, എൻ.എം<br>ഓഫീസ് അറ്റന്റന്റ്<br>നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | മരുതോങ്കര<br>ഗ്രാമ പഞ്ചായത്ത് |

ഈ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട ജീവനക്കാരൻ ഉത്തരവു കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ പുതിയ ജോലിയിൽ പ്രവേശിക്കേണ്ടതും ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ തുടർച്ചയായ 3 വർഷക്കാലത്തിൽ 2 വർഷം പ്രൊബേഷനിലായിരിക്കുന്നതുമാണ്. ഈ കാലയളവിൽ എം.ഒ.പി. പരീക്ഷ പാസാകേണ്ടതാണ്.

ബന്ധപ്പെട്ട ഓഫീസ് മേധാവി, യോഗ്യത സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്ക് ശേഷം ജീവനക്കാരനെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്. ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ചത് സംബന്ധിച്ച വിവരം യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഈ ഉത്തരവ് 2016-ലെ പഞ്ചായത്ത് വകുപ്പിലെ പൊതുസ്ഥലം മാറ്റത്തിന് വിധേയമായിരിക്കുന്നതാണ്.

(ഒപ്പ്)
വി. ഹരിദാസൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (അധിക ചുമതല)
കോഴിക്കോട്

വ്യക്തികൾക്ക് (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
പകർപ്പ്:- 1. സെക്രട്ടറി, അഴിയൂർ, നടുവണ്ണൂർ, വാണിമേൽ, തിരുവള്ളൂർ, മരുതോങ്കര ഗ്രാമ പഞ്ചായത്തുകൾ
2. സെക്രട്ടറി, ഫറോക്ക് നഗരസഭ
3. പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം (ഉപരിപത്രം സഹിതം)
അധികം/കരുതൽ

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

പി/